**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811** **31-01-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ വനത്തിലെ ആദിവാസി പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ വനത്തിലെ ആദിവാസി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; | (എ) | **വനഭൂമിയിലുള്ളതും പ്രളയ-പ്രകൃതിക്ഷോഭ ബാധിത കോളനികളുമായ വെറ്റിലക്കൊല്ലി, മുണ്ടക്കടവ്-പുലിമുണ്ട, തണ്ടൻകല്ല്, ഇരുട്ടുകുത്തി, വാണിയമ്പുഴ, തരിപ്പപ്പൊട്ടി, കുമ്പളപ്പാറ എന്നിവിടങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പ് മുഖേന അനുയോജ്യമായ ഭൂമി കണ്ടെത്തി ലഭിക്കുന്നതിനുള്ള കാലതാമസമാണ് പുനരധിവാസം വൈകുന്നതിന് കാരണമാകുന്നത്.**<br><br>**2018-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് ഭൂമിയും വീടും നഷ്ടമായ 34 പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ നിന്നും വനം വന്യജീവി വകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയ കണ്ണൻകുണ്ട് വനഭൂമിയിൽ 50 സെന്റ് വീതം നൽകി പുനരധിവസിപ്പിച്ചു. ടി ഭൂമിയിൽ വീടും, മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും 34 പേർക്കും വീട് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.**<br><br>**2019-ൽ പ്രളയത്തിൽ തകർന്ന പോത്തുകൽ ഗ്രാമപഞ്ചായത്തിലെ കവളപ്പാറ കോളനിയിലെ 32 പട്ടികവർഗ്ഗകുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആയതിന് ഭൂമി വാങ്ങിയതിനും ഭവനനിർമ്മാണത്തിനുമായി 12 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. പോത്തുകൽ ഗ്രാമപഞ്ചായത്തിലെ ചളിക്കൽ കോളനിയിൽ താമസിച്ചിരുന്ന 34 പട്ടികവർഗ്ഗ കുടുംബങ്ങളെ 2019-ലെ പ്രളയത്തെ തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം മലച്ചി ചെമ്പൻകൊല്ലിയിൽ വാങ്ങിയ 5.26 ഏക്കർ സ്ഥലത്ത് പുനരധിവസിപ്പിക്കുകയും, ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ പദ്ധതിയിൽ ഉൾപ്പെടുത്തി 34 വീടുകൾ നിർമ്മിക്കുകയും, എല്ലാ** |

| | | | |
|---|---|---|---|
| | | | **വീടുകളിലും വൈദ്യുതി ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ ടി കോളനിക്കുള്ളിൽ നടപ്പാത നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.**<br><br>**മേൽപ്പറഞ്ഞ കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗിച്ച് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.**<br><br>**വനഭൂമിയിലുള്ളതും മറ്റ് പ്രളയ-പ്രകൃതിക്ഷോഭ ബാധിത കോളനികളുമായ വെറ്റിലക്കൊല്ലി, മുണ്ടക്കടവ്-പുലിമുണ്ട, തണ്ടൻകല്ല്, ഇരുട്ടുകുത്തി, വാണിയമ്പുഴ, തരിപ്പപ്പൊട്ടി, കുമ്പളപ്പാറ എന്നിവിടങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.**<br><br>**കൂടാതെ മലപ്പുറം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിന് കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 176.1 ഏക്കർ ഭൂമി കൂടി 22.01.2024-ന് നിലമ്പൂരിൽ നടന്ന ഭൂമി വിതരണം ചടങ്ങിൽവച്ച് ഒന്നാം ഘട്ടമായി 570 ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഭൂമിയിൽ വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | **വനഭൂമിയിലുള്ളതും പ്രളയ-പ്രകൃതിക്ഷോഭ ബാധിത കോളനികളുമായ വെറ്റിലക്കൊല്ലി, മുണ്ടക്കടവ്-പുലിമുണ്ട, തണ്ടൻകല്ല്, ഇരുട്ടുകുത്തി, വാണിയമ്പുഴ, തരിപ്പപ്പൊട്ടി, കുമ്പളപ്പാറ എന്നിവിടങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പ് മുഖേന അനുയോജ്യമായ ഭൂമി കണ്ടെത്തി ലഭിക്കുന്നതിനുള്ള കാലതാമസമാണ് പുനരധിവാസം വൈകുന്നതിന് കാരണമാകുന്നത്.**<br><br>**2018-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് ഭൂമിയും വീടും നഷ്ടമായ 34 പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ നിന്നും വനം വന്യജീവി വകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയ കണ്ണൻകുണ്ട് വനഭൂമിയിൽ 50 സെന്റ് വീതം നൽകി പുനരധിവസിപ്പിച്ചു. ടി ഭൂമിയിൽ വീടും, മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും 34 പേർക്കും വീട് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | 2019-ൽ പ്രളയത്തിൽ തകർന്ന പോത്തുകൽ ഗ്രാമപഞ്ചായത്തിലെ കവളപ്പാറ കോളനിയിലെ 32 പട്ടികവർഗ്ഗകുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആയതിന് ഭൂമി വാങ്ങിയതിനും ഭവനനിർമ്മാണത്തിനുമായി 12 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. പോത്തുകൽ ഗ്രാമപഞ്ചായത്തിലെ ചളിക്കൽ കോളനിയിൽ താമസിച്ചിരുന്ന 34 പട്ടികവർഗ്ഗ കുടുംബങ്ങളെ 2019-ലെ പ്രളയത്തെ തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം മലച്ചി ചെമ്പൻകൊല്ലിയിൽ വാങ്ങിയ 5.26 ഏക്കർ സ്ഥലത്ത് പുനരധിവസിപ്പിക്കുകയും, ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ പദ്ധതിയിൽ ഉൾപ്പെടുത്തി 34 വീടുകൾ നിർമ്മിക്കുകയും, എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കിയിട്ടുമുണ്ട്. കൂടാതെ ടി കോളനിക്കുള്ളിൽ നടപ്പാത നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.<br><br>മേൽപ്പറഞ്ഞ കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗിച്ച് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വനഭൂമിയിലുള്ളതും മറ്റ് പ്രളയ-പ്രകൃതിക്ഷോഭ ബാധിത കോളനികളുമായ വെറ്റിലക്കൊല്ലി, മുണ്ടക്കടവ്-പുലിമുണ്ട, തണ്ടൻകല്ല്, ഇരുട്ടുകുത്തി, വാണിയമ്പുഴ, തരിപ്പപ്പൊട്ടി, കുമ്പളപ്പാറ എന്നിവിടങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ മലപ്പുറം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിന് കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 176.1 ഏക്കർ ഭൂമി കൂടി 22.01.2024-ന് നിലമ്പൂരിൽ നടന്ന ഭൂമി വിതരണം ചടങ്ങിൽവച്ച് ഒന്നാം ഘട്ടമായി 570 ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഭൂമിയിൽ വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ